(സി) ഈ തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 114 ഗ്രാമപഞ്ചായത്തുകൾ.

(ബി) ഉണ്ട്.

(സി) ഇല്ല. പഞ്ചായത്ത് ഡയറക്ടറിൽനിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കരാറുകാർക്കുള്ള കടിശ്ശിക

162 (2795) ശ്രീ. എസ്. ശർമ്മ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്ഥാപനങ്ങൾ കരാറുകാർക്ക് നൽകാനുള്ള ആകെ കടിശ്ശിക സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കോർപ്പറേഷനുകൾ, നഗരസഭകൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ കരാറുകാരുടെ കണക്കും അവരുടെ കടിശ്ശികയും വെവ്വേറെ ലഭ്യമാക്കാമോ ;

(സി) അടുത്ത ഭരണസമിതിയുടെ ചുമലിലേക്ക് കടിശ്ശികഭാരം വയ്ക്കാനുള്ള നീക്കമാണ് നടക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാർ കരാറുകാരുടെ എണ്ണവും അവരുടെ ആകെ കടിശ്ശിക സംബന്ധിച്ച കണക്കും വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

തെരുവുനായ്ക്കളുടെ ശല്യം

163 (2796) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെയും പേപ്പട്ടികളുടെയും എണ്ണം വർദ്ധിച്ചു വരുന്നത് ജനജീവിതത്തിന് ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര പേർ ഇത്തരത്തിൽ ആക്രമണത്തിന് വിധേയരായി എന്നു അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെരുവ്നായ്ക്കളുടെ ശല്യം അകറ്റാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) തെരുവുനായ്ക്കൾ പെരുകുന്നത് ഒഴിവാക്കാൻ നായ്ക്കൾക്ക് വന്ധ്യംകരണ ശസ്ത്രക്രീയ ഏതൊക്കെ ജില്ലകളിൽ നടപ്പാക്കി ; എത്ര നായ്ക്കൾക്ക് ഇത്തരത്തിൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട് ; ഈ പ്രവൃത്തികളിലൂടെ തെരുവുനായ്ക്കൾ പെരുകുന്നത് തടയാനായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കണക്കനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടെ 1,06,275 പേർ നായ്ക്കളുടെ കടിയേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകുന്ന പദ്ധതി 2-9-2014-ലെ സ.ഉ.(സാധാ.)നമ്പർ 2306/2014/ ത.സ്വ.ഭ.വ. 16-10-2014-ലെ സ.ഉ.(സാധാ.)നമ്പർ 2673/2014/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിവരുന്നു.

(സി) നായ്ക്കൾക്കുള്ള വന്ധ്യംകരണ ശസ്ത്രക്രിയ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പും കേരള സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ് പ്രോജക്ട് (KSUDP)-യും സത്യസായി ഓർഫനേജ് ട്രസ്റ്റും സംയുക്തമായി തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടത്തിയ പൈലറ്റ് പ്രോജക്ടിൽ 1780 തെരുവു നായ്ക്കളെ വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി പേവിഷ ബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് നൽകി അവയുടെ വാസസ്ഥലത്ത് വിട്ടിട്ടുണ്ട്. 1780 തെരുവുനായ്ക്കളുടെ വന്ധീകരണത്തിന് ആനുപാതികമായി തെരുവുനായ്ക്കളുടെ വർദ്ധനവ് കുറയുന്നതാണ്.

ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവ്

164 (2797) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവിലെ കാര്യക്ഷമത കുറവ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ബി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly